ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 13-06-2026

## പ്രധാന വാർത്തകൾ

TIME : 07.25 AM

1. ഒമാൻ തീരത്ത് യുഎസ് നാവിക ആക്രമണങ്ങളിൽ മൂന്ന് ഇന്ത്യൻ നാവികർ കൊല്ലപ്പെട്ട സംഭവത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഇന്ത്യ.

   **India lodged a strong protest over the attacks by the U.S. Navy in the coast of Oman that killed three Indian mariners.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സ്ലോവാക് റിപബ്ലിക് സന്ദർശനം നാളെ മുതൽ. സ്ലോവാക് പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തും.

   **Prime Minister Narendra Modi's visit to the Slovak Republic begins tomorrow. He will hold talks with the President of Slovakia.**

3. ഓപ്പറേഷൻ സിന്ദൂരിലെ തദ്ദേശീയ മിസൈൽ സംവിധാനങ്ങൾ, രാജ്യത്തിന്റെ പ്രതിരോധ ഗവേഷണ വികസന രംഗത്തിൻ്റെ ശക്തിയുടെ തെളിവാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh asserted that the exceptional performance of indigenous missile systems during Operation Sindoor is a testimony to the growing strength of India's defence research and development ecosystem.**

4. സംസ്ഥാനത്ത് നിപാ ജാഗ്രത തുടരുന്നു. കോഴിക്കോട് ജില്ലയിൽ പുതിയതായി രോഗബാധ കണ്ടെത്തിയിട്ടില്ല. കേന്ദ്ര സംഘം ഇന്നെത്തും.

**Nipah alert continues in Keralam. No new cases have been reported in Kozhikode district. A central team will arrive today.**

5. കേരളത്തിൽ വടക്കൻ ജില്ലകളിൽ ഇന്ന് വ്യാപക മഴയ്ക്ക് സാധ്യത. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

   **Widespread rainfall is likely in the northern districts of Keralam today. A yellow alert has been issued in Kozhikode, Kannur, and Kasaragod districts.**

6. ഓസ്ട്രേലിയൻ ഓപ്പൺ ബാഡ്മിന്റൺ വനിത സിംഗിൾസ് സെമി ഫൈനലിൽ ഇന്ത്യയുടെ പി.വി. സിന്ധു ഇന്നിറങ്ങും.

   **In Badminton, India's PV Sindhu will face world champion Akane Yamaguchi of Japan in the women's singles semi-finals of the Australian Open.**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## DEHRADUN PRESIDENT VISIT

ഡെറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാദമിയിൽ ഇന്ന് നടക്കുന്ന പാസിംഗ് ഔട്ട് പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു മുഖ്യാതിഥിയാകും. ഇത്തവണത്തെ പാസിംഗ് ഔട്ട് പരേഡിൽ ആദ്യമായി വനിതാ കേഡറ്റുകൾ പുരുഷ കേഡറ്റുകൾക്കൊപ്പം മാർച്ച് ചെയ്യും. 500-ലധികം കേഡറ്റുകൾ സൈനിക ഉദ്യോഗസ്ഥരായി ചുമതലയേൽക്കും.

***************************

## JAISHANKAR-US SECY

ഒമാൻ തീരത്തുണ്ടായ യുഎസ് നാവിക ആക്രമണങ്ങളിൽ മൂന്ന് ഇന്ത്യൻ നാവികർ കൊല്ലപ്പെട്ട സംഭവത്തിൽ ഇന്ത്യ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി നടത്തിയ സംഭാഷണത്തിലാണ്

പ്രതിഷേധം രേഖപ്പെടുത്തിയത്. ഇതേ വിഷയത്തിൽ ന്യൂഡൽഹിയിലെ യുഎസ് പ്രതിനിധിയെ നേരത്തെയും വിളിച്ചുവരുത്തി പ്രതിഷേധം അറിയിച്ചിരുന്നു.

***************************

## PM - FRANCE

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വൈകിട്ട് ഫ്രാൻസിലെത്തും. പ്രധാനമന്ത്രിയുടെ ഏഴാമത്തെ ഫ്രാൻസ് സന്ദർശനമാണിത്.

***************************

## PM - SLOVAK VISIT (INTRO)

നാളെ മുതൽ ഈ മാസം 16 വരെ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്ലോവാക് റിപബ്ലിക് സന്ദർശിക്കും.

**കൂടുതൽ വിവരങ്ങളുമായി സ്ലോവാകിയൻ തലസ്ഥാനമായ ബ്രാട്ടിസ്ലാവയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയിസ്)

***************************

## VAISHNAW-RAILWAYS

റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷാ നടത്തിപ്പിനെ കുറിച്ച് ഇന്ത്യൻ റെയിൽവേയിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് കൂടിക്കാഴ്ച നടത്തി. കൂടുതൽ സുതാര്യവും കൃത്യവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ സംവിധാനത്തിന്റെ ആവശ്യകതയെക്കുറിച്ച് ഇന്നലെ ചേർന്ന ഉന്നതതല അവലോകന യോഗം ചർച്ച ചെയ്തു. വകുപ്പുതല പരീക്ഷകൾ കമ്പ്യൂട്ടർ അധിഷ്ഠിതമാക്കുന്നതിലെ പുരോഗതി അദ്ദേഹം അവലോകനം ചെയ്തു.

****************************

## NEET- REVIEW MEETING

നീറ്റ് യു ജി പുനഃപരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ അവലോകനം ചെയ്യുന്നതിന് കാബിനറ്റ് സെക്രട്ടറി ടി.വി. സോമനാഥൻ, നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഡയറക്ടർ ജനറൽ അഭിഷേക് സിങ്ങുമായി കൂടിക്കാഴ്ച നടത്തി. പുനഃപരീക്ഷകൾ സുഗമവും സുതാര്യവും സുരക്ഷിതവുമായിരിക്കണമെന്നും പരീക്ഷാ നടത്തിപ്പ് സുഗമമാക്കുന്നതിന് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ യോജിച്ച് പ്രവർത്തിക്കണമെന്ന് കാബിനറ്റ് സെക്രട്ടറി പറഞ്ഞു. കൃത്രിമം കാണിക്കാൻ ശ്രമിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

****************************

## NTA NEET UG TIMINGS

ഈ മാസം 21-ന് നടക്കുന്ന നീറ്റ് യു.ജി പരീക്ഷയുടെ സമയം നാഷണൽ ടെസ്റ്റിംഗ് ഏജൻസി 15 മിനിറ്റ് ദീർഘിപ്പിച്ചു. ഇതോടെ പരീക്ഷാ സമയം 180 മിനിറ്റിൽ നിന്നും 195 മിനിറ്റാകും. ഉച്ചയ്ക്ക് 2:00 മണി മുതൽ വൈകിട്ട് 5:15 വരെയാണ് പുതുക്കിയ സമയം.

****************************

## RAJNATH- WEAPON SYSTEM

ഓപ്പറേഷൻ സിന്ദൂരിലെ തദ്ദേശീയ മിസൈൽ സംവിധാനങ്ങൾ, ഇന്ത്യയുടെ പ്രതിരോധ ഗവേഷണ വികസന രംഗത്തിൻ്റെ ശക്തിയുടെ തെളിവാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ഹൈദരാബാദിൽ ഡി.ആർ.ഡി.ഒ യുടെയും ഡി.ആർ.ഡി.ലബോറട്ടറിയുടെയും, അഡ്വാൻസ്ഡ് വെപ്പൺ സിസ്റ്റം കോംപ്ലക്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡി.ആർ.ഡി.ഒ വികസിപ്പിച്ചെടുത്ത ആകാശ്, ബ്രഹ്മോസ് സംവിധാനങ്ങൾ ആഗോള പ്രതിരോധ സാങ്കേതിക രംഗത്ത്

ഇന്ത്യയുടെ മത്സരശേഷി തെളിയിക്കുന്നതാണെന്ന് ശ്രീ. രാജ്നാഥ് സിംഗ് പറഞ്ഞു.

****************************

## AYUSH

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി കേന്ദ്ര ആയുഷ് മന്ത്രാലയം രാജ്യത്തുടനീളം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ എന്നതാണ് ഈ വർഷത്തെ പ്രമേയം. യോഗയുടെ സ്വീകാര്യത ആഗോളതലത്തിൽ വർധിപ്പിക്കുന്നതിൻറെ ഭാഗമായി ഇത്തവണ ഗിന്നസ് ലോക റെക്കോർഡ് ലക്ഷ്യമിട്ടുകൊണ്ട് ഒരേസമയം ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ഓൺലൈൻ യോഗ സെഷൻ നാളെ രാവിലെ 06:15 മുതൽ 07:35 വരെ ആയുഷ് മന്ത്രാലയത്തിന്റെ യൂട്യൂബ് ചാനലിലൂടെ സംഘടിപ്പിക്കും. ജൂൺ 21 നാണ് അന്താരാഷ്ട്ര യോഗ ദിനം.

****************************

## INDIA BANGLADESH - CONFERENCE

ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയിൽ സമാധാനവും സ്ഥിരതയും ശാന്തതയും നിലനിർത്തുന്നതിനുള്ള പ്രതിബദ്ധത ആവർത്തിച്ച് ഇന്ത്യയും ബംഗ്ലാദേശും. ന്യൂഡൽഹിയിലെ ബിഎസ്എഫ് ആസ്ഥാനത്ത് നടന്ന, ഇന്ത്യ-ബംഗ്ലാദേശ് അതിർത്തി സുരക്ഷാ സേനകളുടെ 57-ാമത് ഡി ജി ലെവൽ അതിർത്തി ഏകോപന സമ്മേളനത്തിലാണ് ഇരുരാജ്യങ്ങളും നിലപാട് ആവർത്തിച്ചത്. അതിർത്തിയിലെ നിലവിലെ സാഹചര്യം, അതിർത്തി സുരക്ഷാ നിയന്ത്രണങ്ങൾ സംബന്ധിച്ച ആശങ്കകൾ എന്നിവയും നാല് ദിവസത്തെ സമ്മേളനത്തിൽ ചർച്ചയായി.

****************************

## RAIN KERALA

കേരളത്തിൽ വടക്കൻ ജില്ലകളിൽ ഇന്ന് വ്യാപക മഴയ്ക്ക് സാധ്യത. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 50 കിലോ മീറ്റർ വരെ വേഗതയിൽ കാറ്റ് വീശാൻ സാധ്യത. മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തി.

****************************

## NIPAH

സംസ്ഥാനത്ത് നിപാ ജാഗ്രത തുടരുന്നു. കോഴിക്കോട് ജില്ലയിൽ പുതിയ നിപ കേസുകളൊന്നും കണ്ടെത്തിയിട്ടില്ലെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ അറിയിച്ചു. ക്വാറൻറൈനിലുള്ള മൂന്നുപേരെ നിരീക്ഷണത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. അതെസമയം, നാഷണൽ ഡിസീസ് കൺട്രോൾ സെന്ററിൽ നിന്നുള്ള വിദഗ്ധർ ഇന്ന് ജില്ലയിൽ സന്ദർശനം നടത്തും.

****************************

## SHIGELLA

വയനാട്ടിൽ ഏഴ് പേർക്ക് കൂടി ഷിഗല്ല രോഗം സ്ഥിരീകരിച്ചു. ഇതോടെ ജില്ലയിലെ രോഗബാധിതരുടെ എണ്ണം 16 ആയി. മലപ്പുറം ജില്ലയിൽ രണ്ടുപേർക്ക് ഷിഗല്ല സ്ഥിരീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം കാട്ടാക്കടയിൽ ബേക്കറിയിലെ ജ്യൂസിൽ ഷിഗെല്ല ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തി. കാർത്തിക ബേക്കറിയിൽ തയ്യാറാക്കിയ ജ്യൂസിലാണ് ബാക്ടീരിയ സാന്നിധ്യം കണ്ടെത്തിയത്.

****************************

## GOVT-12 YRS CULTURE (INTRO)

കഴിഞ്ഞ 12 വർഷത്തിനിടെ, എൻഡിഎ സർക്കാരിന്റെ കീഴിൽ സമാനതകളില്ലാത്ത പുരോഗതിയാണ് രാജ്യം കൈവരിച്ചത്.

ദരിദ്രർ, കർഷകർ, സ്ത്രീകൾ, യുവാക്കൾ എന്നിവരുടെ ക്ഷേമത്തിനും ശാക്തീകരണത്തിനുമായി നിരവധി പദ്ധതികൾ ഇതിനകം നടപ്പാക്കി. രാജ്യത്തിൻറെ സാംസ്കാരിക പൈതൃകം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് ഇന്ന് അറിയാം.

**വിശദാംശങ്ങളിലേക്ക്.....**

*(വോയിസ്)*

*രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കൽ, ജനങ്ങൾക്കിടയിൽ അവബോധം വളർത്തൽ എന്നിവയ്ക്കായി നിരവധി ദേശീയ-അന്തർദേശീയ സംരംഭങ്ങളാണ് കേന്ദ്ര സർക്കാർ ഇതിനകം നടപ്പാക്കിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലൂടെ കഴിഞ്ഞ 12 വർഷത്തിനിടയിൽ, ഇന്ത്യയുടെ സാംസ്കാരിക മേഖല വലിയ രീതിയിൽ അഭിവൃദ്ധി പ്രാപിച്ചു. കാശി വിശ്വനാഥ ഇടനാഴി നിർമ്മാണം, മഹാകാൽ ലോക് പദ്ധതി, മാ കാമാഖ്യ ക്ഷേത്രത്തിൻറെ പുനർവികസനം, അയോധ്യയിൽ രാമക്ഷേത്ര നിർമ്മാണം എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. മ്യൂസിയം ഗ്രാന്റ് പദ്ധതി, സാംസ്കാരിക പ്രവർത്തന, ഉൽപ്പാദന ഗ്രാന്റ് പദ്ധതി എന്നിവയും കേന്ദ്രം ആവിഷ്കരിച്ചിട്ടുണ്ട്.*

*ന്യൂസ് ഡെസ്ക് ആകാശവാണി..*

****************************

## BADMINTON- AUSTRALIA OPEN

ഓസ്ട്രേലിയൻ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് വനിത സിംഗിൾസ് സെമി ഫൈനലിൽ ഇന്ത്യയുടെ പി.വി. സിന്ധു ഇന്നിറങ്ങും. ജപ്പാൻ താരം അകാനെ യമഗുച്ചിയെയാണ് നേരിടുന്നത്. ക്വാർട്ടർ ഫൈനലിൽ ചൈനീസ് താരത്തെ നേരിട്ടുള്ള സെറ്റുകൾക്ക് തകർത്താണ് സിന്ധു സെമിയിൽ കടന്നത്.

****************************

## WOMENS T20

ICC വനിത T20 ലോക കപ്പ് ക്രിക്കറ്റിലെ ആദ്യ മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇംഗ്ലണ്ടിന് 87 റൺ ജയം. ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് നിശ്ചിത 20 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 219 റൺ നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ശ്രീലങ്ക 20 ഓവറിൽ 132 റണ്ണുമായി എല്ലാവരും പുറത്താവുകയായിരുന്നു. ഞായറാഴ്ചയാണ് ഇന്ത്യ-പാകിസ്ഥാൻ പോരാട്ടം. ഒരു മാസം നീളുന്ന T20 മത്സരങ്ങളുടെ ഫൈനൽ അടുത്ത മാസം 5 ന് ലോഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കും.

****************************

## FIFA

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ കാനഡ-Bosnia and Herzegovina മത്സരം സമനിലയിൽ കലാശിച്ചു. ഇരു ടീമുകളും ഓരോ ഗോളുകളാണ് നേടിയത്. രണ്ടാം മത്സരത്തിൽ യുഎസ്എ-പാരഗ്വായയെ നേരിടുന്നു.

****************************

## KSRTC - PRIYADARSHINI

സംസ്ഥാനത്ത് ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിക്കുന്ന 'പ്രിയദർശിനി' പദ്ധതിയുടെ വിശദാംശങ്ങൾ കെ എസ് ആർ ടി സി പുറത്തിറക്കി. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ മറ്റന്നാൾ തിരുവനന്തപുരം തമ്പാനൂർ ബസ് ടെർമിനലിൽ നിർവഹിക്കും.

****************************

## SABARIMALA

മിഥുന മാസ പൂജകൾക്കായി ശബരിമല നട നാളെ തുറക്കും. വൈകിട്ട് അഞ്ചിന് തന്ത്രിയുടെ സാന്നിധ്യത്തിൽ മേൽശാന്തി ശ്രീകോവിൽ തുറന്ന് നെയ്ത്തിരി തെളിയിക്കും.

****************************

## KUMARASWAMY-CMTI

ഉൽപ്പാദന കേന്ദ്രീകൃത വളർച്ചയിലും തൊഴിലവസര സൃഷ്ടിയിലും നൽകിയ ഊന്നൽ വ്യാവസായിക വളർച്ചയെ ത്വരിതപ്പെടുത്തിയതായി കേന്ദ്ര മന്ത്രി എച്ച്.ഡി. കുമാരസ്വാമി. ബെംഗളൂരുവിൽ നടന്ന സെൻട്രൽ മാനുഫാക്ചറിംഗ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ 65-ാമത് സ്ഥാപക ദിനാഘോഷത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസിന്റെ പുനരുജ്ജീവനത്തെക്കുറിച്ചുള്ള വിശദമായ പദ്ധതി റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണെന്നും ശ്രീ എച്ച്.ഡി. കുമാരസ്വാമി അറിയിച്ചു.

*

*************

******************************************